തോട്, കുഴുപ്പിള്ളിതോട്. ഇതിൽ ആദ്യത്തെ രണ്ട് പാലങ്ങളുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങളും തുടങ്ങി. രണ്ടാമത്തെ പ്രവർത്തിയുടെ വെളിയത്താംപറമ്പ്, പുഞ്ചയിൽതോട്, അണിയിൽതോട് ഇവയുടെ എഗ്രിമെൻറ് വെച്ചു. നിർമ്മാണോദ്ഘാടനം ജൂൺ 10-ന് നടന്നു.

(ബി) വെളിയത്താംപറമ്പ് തോട്, പുഞ്ചയിൽ തോട് (നായരമ്പലം), കുഴുപ്പിള്ളി തോട്, പാലങ്ങൾക്ക് സ്ഥലമെടുപ്പിനുവേണ്ടി അർജൻസി ക്ലോസ് ഓർഡർ പ്രകാരം നടപടിയെടുത്തുവരുന്നു.

(സി) വിവിധ ഡിപ്പാർട്ട്മെൻറുകളുടേയും സ്ഥാപനങ്ങളുടേയും പോസ്റ്റുകളും, പൈപ്പ്, കേബിൾ മുതലായവയും മാറ്റിസ്ഥാപിക്കുന്നതിനുള്ള ഭൂരിഭാഗം എസ്റ്റിമേറ്റ് കിട്ടിക്കഴിഞ്ഞു.

(ഡി) ഇതിനായി 1½ കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഉടുമ്പൻചോല മണ്ഡലത്തിന്റെ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം

151 [1500] ശ്രീ. കെ. കെ. ജയചന്ദ്രൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ഉടുമ്പൻചോല മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളാണ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) ഓരോന്നിനും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് പറയാമോ?

ഉത്തരം

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ഉടുമ്പൻചോല മണ്ഡലത്തിൽ നബാർഡ് സ്കീമിൽ പാലങ്ങളും റോഡുകളും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

വയനാട് ജില്ലയിൽ കെ.എസ്.ടി.പി..യുടെ ആഭിമുഖ്യത്തിലുള്ള റോഡുപണി

152 [1501] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കെ.എസ്.ടി.പി..യുടെ ആഭിമുഖ്യത്തിൽ ഏതെല്ലാം റോഡുകളുടെ പ്രവർത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവയുടെ കരാറുകാർ ആരൊക്കെയെന്നും ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly